# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2019 ഒക്ടോബർ 12

# വാർത്താക്കുറിപ്പ്

## ജൂനിയർ റിസർച്ച് ഫെലോ ഒഴിവ്; ഇന്റർവ്യൂ 15ന്

മഹാത്മാഗാന്ധി സർവകലാശാല അന്തർസർവകലാശാല ജൈവ-സുസ്ഥിര കൃഷി പഠനകേന്ദ്രത്തിലെ പ്രോജക്ടിൽ ജൂനിയർ റിസർച്ച് ഫെലോയുടെ ഒരൊഴിവുണ്ട്. നാനോ ടെക്നോളജിയിൽ 60 ശതമാനം മാർക്കോടെയുള്ള എം.ടെക്കും നാനോടെക്നോളജിയിലെ പ്രവൃത്തിപരിചയവുമാണ് യോഗ്യത. മാസം 22000 രൂപ ഫെലോഷിപ്പ് ലഭിക്കും. വോക്-ഇൻ-ഇന്റർവ്യൂ ഒക്ടോബർ 15ന് രാവിലെ 10ന് സർവകലാശാലയിലെ ഇന്റർനാഷണൽ ആൻഡ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോസയൻസ് ആൻഡ് നാനോടെക്നോളജിയിൽ നടക്കും. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1812/2019)

## വ്യവസായ സ്ഥാപനങ്ങളുമായി സഹകരിച്ച് ഗവേഷണം, സ്റ്റാർട്ടപ്; എം.ജി.യിൽ ഇൻഡസ്ട്രി-അക്കാദമിയ മീറ്റ്

വ്യവസായ സ്ഥാപനങ്ങളുമായി സഹകരിച്ച് സംയുക്തഗവേഷണ പ്രവർത്തനങ്ങളും സംരംഭങ്ങളും ആരംഭിക്കുന്നതിനും വിദ്യാർഥികൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി സംഘടിപ്പിച്ച ഇൻഡസ്ട്രി-അക്കാദമിയ മീറ്റ് 'ഇന്നൊവേഷ്യ 2019' മഹാത്മാഗാന്ധി സർവകലാശാല കാമ്പസിൽ നടന്നു. മഹാത്മാഗാന്ധി സർവകലാശാല ബിസിനസ് ഇന്നൊവേഷൻ ആൻഡ് ഇൻക്യുബേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ കോൺഫഡറേഷൻ ഓഫ ഇന്ത്യൻ ഇൻഡസ്ട്രിയുടെ സഹകരണത്തോടെ സ്കൂൾ ഓഫ് ബയോസസയൻസസ് സെമിനാർ ഹാളിൽ സംഘടിപ്പിച്ച സമ്മേളനം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്തു.

സിൻഡിക്കേറ്റംഗങ്ങളായ ഡോ. ആർ. പ്രഗാഷ്, പ്രൊഫ. കെ. ജയചന്ദ്രൻ, ഐ.ക്യു.എ.സി. ഡയറക്ടർ ഡോ. റോബിനറ്റ് ജേക്കബ്, മേക്കർ വില്ലേജ് സി.ഇ.ഒ. പ്രസാദ് ബാലകൃഷ്ണൻ നായർ, ബി.ഐ.ഐ.സി. ഡയറക്ടർ ഡോ. കെ. രാധാകൃഷ്ണൻ, റിസർച്ച് അസോസിയേറ്റ് ഡോ. സി. ചന്ദന എന്നിവർ പ്രസംഗിച്ചു.

പത്ത് വ്യവസായ സ്ഥാപനങ്ങളാണ് സമ്മേളനത്തിൽ പങ്കെടുത്തത്. സർവകലാശാലയിലെ വിവിധ പഠനവകുപ്പുകളുമായി സഹകരിച്ച് സംയുക്തഗവേഷണ പ്രവർത്തനം, പ്ലേസ്മെന്റ്, സ്റ്റാർട്ടപ്പുകൾ ആരംഭിക്കൽ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായാണ് ഇൻഡസ്ട്രി-അക്കാദമിയ മീറ്റ് സംഘടിപ്പിച്ചത്.

### ഫോട്ടോക്യാപ്ഷൻ

**മഹാത്മാഗാന്ധി സർവകലാശാല ബിസിനസ് ഇന്നൊവേഷൻ ആൻഡ് ഇൻക്യുബേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ കോൺഫഡറേഷൻ ഓഫ ഇന്ത്യൻ ഇൻഡസ്ട്രിയുടെ സഹകരണത്തോടെ സ്കൂൾ ഓഫ് ബയോസസയൻസസ് സെമിനാർ ഹാളിൽ സംഘടിപ്പിച്ച ഇൻഡസ്ട്രി-അക്കാദമിയ മീറ്റ് 'ഇന്നൊവേഷ്യ 2019' വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു.**

(പി.ആർ.ഒ./39/1813/2019)

# പ്രൊഫ. ജുവാൻ ഗുതിയറസിന്റെ പ്രഭാഷണം 14ന് എം.ജിയിൽ

ലാറ്റിനമേരിക്കയിലെ നവ ബഹുസാംസ്കാരികതയെക്കുറിച്ചും മാറ്റങ്ങളെക്കുറിച്ചും പ്രമുഖ ലാറ്റിനമേരിക്കൻ സാമൂഹികശാസ്ത്രജ്ഞൻ പ്രൊഫ. ജുവാൻ ഫെർണാണ്ടോ കാൽഡിറോൺ ഗുതിയറസ് നടത്തുന്ന പ്രഭാഷണം ഒക്ടോബർ 14ന് മഹാത്മാഗാന്ധി സർവകലാശാലയിൽ നടക്കും. രാവിലെ 10.30ന് സ്കൂൾ ഓഫ് എൺവയൺമെന്റൽ സയൻസസ് സെമിനാർ ഹാളിലാണ് പരിപാടി.

സംസ്ഥാന ചരിത്രഗവേഷണ കൗൺസിലും ഉന്നതവിദ്യാഭ്യാസ കൗൺസിലും മഹാത്മാഗാന്ധി സർവകലാശാല ഇന്റർയൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആൻഡ് എക്സ്റ്റൻഷനും സംയുക്തമായാണ് ജ്ഞാനപ്രഭാഷണം സംഘടിപ്പിക്കുന്നത്. സംസ്ഥാന ചരിത്രഗവേഷണ കൗൺസിൽ ചെയർപേഴ്സൺ പ്രൊഫ. പി.കെ. മൈക്കിൾ തരകൻ അധ്യക്ഷത വഹിക്കും. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് മുഖ്യപ്രഭാഷണം നടത്തും.

അർജന്റീനയിലെ സാൻ മാർട്ടിൻ നാഷണൽ സർവകലാശാലയിലെ റിസർച്ച് ഡയറക്ടറായ പ്രൊഫ. ജുവാൻ ഗുതിയറസ് യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ ഹ്യൂമൻ ഡെവലപ്മെന്റ് ആൻഡ് ഗവേഷണൻസ് പ്രത്യേക ഉപദേശകനാണ്. കേംബ്രിഡ്ജ് സർവകലാശാലയിലെ സൈമൺ ബൊളിവർ ചെയർ വിസിറ്റിങ് പ്രൊഫസറും ലാറ്റിനമേരിക്കൻ സോഷ്യൽ സയൻസ് കൗൺസിലിന്റെ എക്സിക്യൂട്ടീവ് സെക്രട്ടറിയുമാണ്. 22 പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. യൂറോപ്പിലടക്കം വിവിധ രാജ്യങ്ങളിലെ പ്രമുഖ സർവകലാശാലകളിൽ വിസിറ്റിങ് പ്രൊഫസറാണ്. കഴിഞ്ഞ 20 വർഷംകൊണ്ട് ലാറ്റിനമേരിക്കൻ സംസ്കാരത്തിലുണ്ടായ മാറ്റങ്ങളെക്കുറിച്ചും നവബഹുസാംസ്കാരികതയെക്കുറിച്ചും സംസാരിക്കും.

## ഫോട്ടോ കാപ്ഷൻ

**പ്രൊഫ. ജുവാൻ ഫെർണാണ്ടോ കാൽഡിറോൺ ഗുതിയറസ്**

(പി.ആർ.ഒ./39/1814/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ